US PROFILES

ഗുരുസ്വാമി
പാർത്ഥസാരഥി പിള്ള

emalayalee.com

ഗുരുസ്വാമി പാർത്ഥസാരഥി പിള്ള: അയ്യപ്പസ്വാമി നൽകിയ രണ്ടാം ജന്മം

എ.എസ് ശ്രീകുമാർ

കൊച്ചുന്നാളിൽ നീന്തൽ അറിയാത്ത താൻ ഒരു ദിവസം പമ്പാ നദിയുടെ ആഴക്കയത്തിലേക്ക് മുങ്ങിത്താണുപോയപ്പോൾ ഉറക്കെ അയ്യപ്പസ്വാമിയെ വിളിക്കുകയും അതുകേട്ട് പരിസരവാസിയായ കുഞ്ഞപ്പൻ മാപ്പിളയുടെ രൂപത്തിൽ സാക്ഷാൽ ശബരിമല ശാസ്താവ് എത്തി തന്നെ രണ്ടാം ജന്മത്തിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്യുകയായിരുന്നുവെന്ന് അമേരിക്കയിലെ ഹിന്ദു സമൂഹത്തിന്റെ ഗുരുസ്വാമി പാർത്ഥസാരഥി പിള്ള പറയുന്നു.



മരണത്തെ മുഖാമുഖം കണ്ട ആ നിമിഷം മുതൽ മനസ്സും ശരീരവും എല്ലാം കലിയുഗവരദനായ മണികണ്഻നിൽ അർപ്പിച്ച പാർത്ഥസാരഥി അമേരിക്കയിലെ ഇന്ത്യൻ ഹിന്ദു സമൂഹത്തിനിടയിൽ പ്രത്യേകിച്ച് മലയാളികളായ ഭക്തർക്കുവേണ്ടി മഹത്തായ അയ്യപ്പസന്ദേശം പതിറ്റാണ്ടുകളായി പ്രചരിപ്പിച്ചു വരുന്ന കലാ-സാംസ്കാരിക ആത്മീയ വ്യക്തിത്വത്തിന് ഉടമയാണ്. അതിനാലാണ് അദ്ദേഹത്തെ ഏവരും ആദരവോടെ 'ഗുരുസ്വാമി' എന്ന് അഭിസംബോധന ചെയ്യുന്നത്.

പത്തനംതിട്ട ജില്ലയിലെ റാന്നി പുല്ലുപ്രം വലിയകോയിപ്പള്ളി നാരായണൻ നായരുടെയും ചെല്ലമ്മ നായരുടെയും മകനായ പാർത്ഥസാരഥി എന്ന പാർത്ഥന് തന്റെ

എല്ലാമെല്ലാം ശബരിമല അയ്യപ്പ സ്വാമി തന്നെയാണ്. ന്യൂയോർക്കിലെ വൈറ്റ് പ്ലെയിൻസിൽ 'സന്നിധാനം' എന്ന് പേരിട്ടിരിക്കുന്ന ഗുരുസ്വാമിയുടെ വീട് അയ്യപ്പ പൂജയുടെയും ജപമന്ത്രഹോമാദികളുടെയും സത്സംഗങ്ങളുടെയുമൊക്കെ കേന്ദ്രസ്ഥാനമാണ്.

സന്ന്യാസി ശ്രേഷ്ഠനും യോഗാചാര്യനുമായിരുന്ന സ്വാമി സത്യാനന്ദസരസ്വതി, ശബരിമല തന്ത്രി കണ്ഠരര് രാജീവരര് തുടങ്ങിയ ആത്മീയ ഗുരുക്കന്മാർ ഈ സന്നിധാനത്തിലെത്തി പൂജാദി കർമങ്ങൾ ചെയ്തിട്ടുണ്ട് എന്നറിയുമ്പോൾ പാർത്ഥന്റെ ഹൃദയത്തിൽ അയ്യപ്പൻ എത്രമേൽ ആഴ്ന്നിറങ്ങിയിട്ടുണ്ടെന്ന് മനസ്സിലാക്കാം.

അയ്യപ്പ ധർമ്മവും ആ ഭക്തി സംസ്കാരവും ആചാര നിഷ്ഠയും ആഗോളതലത്തിൽ പ്രചരിപ്പിക്കുന്നതിനായി വേൾഡ് അയ്യപ്പസേവാ ട്രസ്റ്റ് (WAST) എന്ന അന്താരാഷ്ട്ര സംഘടനയ്ക്ക് രൂപം നൽകിയ പാർത്ഥസാരഥി പിള്ളയാണ് അമേരിക്കയിലാദ്യമായി രാമായണ മാസാചരണത്തിനും രാമായണ പാരായണത്തിനും തുടക്കം കുറിച്ചത്. ഹഡ്സൺ നദീതീരത്ത് കർക്കിടക വാവുബലി ആരംഭിച്ചതും പാർത്ഥസാരഥിയുടെ നേതൃത്വത്തിലാണ്. മണ്ഡല-മകരവിളക്ക് സമയത്ത് ഗുരുസ്വാമി നയിക്കുന്ന ഭജന ഭക്തജനങ്ങൾ സമ്മേളിക്കുന്ന വലിയ ആത്മീയ കൂട്ടായ്മയായി മാറിയിരിക്കുന്നു.



നാലു പതിറ്റാണ്ട് മുമ്പ് അമേരിക്ക എന്ന കർമ്മഭൂമിയിലെത്തിയ പാർത്ഥസാരഥി, ന്യൂയോർക്ക് കേന്ദ്രമാക്കി നായർ ബെനവലന്റ് അസോസിയേഷൻ ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടപ്പോൾ പ്രാർത്ഥനാ ഗീതം ആലപിച്ചുകൊണ്ടാണ് തന്റെ ആധ്യാത്മികാടിത്തറയുള്ള പൊതുപ്രവർത്തനങ്ങൾ ആരംഭിച്ചത്. തുടർന്ന് ഹൈന്ദവ കൂട്ടായ്മകളിലും അയ്യപ്പ നാമം ഉരുവിടുന്ന ഇടങ്ങളിലുമെല്ലാം പാർത്ഥസാരഥിയുടെ സാന്നിധ്യം ശ്രദ്ധേയമായി.

കേരളത്തിലെ നവോത്ഥാന നായകനും നായർ സർവീസ് സൊസൈറ്റി സ്ഥാപകനുമായ മന്നത്ത് പദ്മനാഭനിൽ നിന്ന് ഗീതാപാരായണത്തിനുള്ള സമ്മാനം ലഭിച്ചതിൽ ഇന്നും അഭിമാനം കൊള്ളുന്ന ഇദ്ദേഹം റാന്നി ശൈലേശ്വരം ക്ഷേത്രം പുനരുദ്ധാരണ സമിതി കൺവീനറായിരുന്നു.

നാടകകൃത്ത്, അഭിനേതാവ്, ഗാനരചയിതാവ്, സംഗീത സംവിധായകൻ, ഗായകൻ തുടങ്ങി

emalayalee.com

ബഹുമുഖ തലങ്ങളിൽ തിളങ്ങുന്ന പാർത്ഥസാരഥി നിരവധി അയ്യപ്പഗാന കാസറ്റും സി.ഡികളും ആൽബങ്ങളും പുറത്തിറക്കിയിട്ടുണ്ട്. 'പഞ്ചതീർത്ഥം' എന്ന സംഗീത ആൽബം ഏറെ പ്രശസ്തമാണ്. പാട്ടുകൾ എഴുതുന്നതും സംഗീതം നൽകുന്നതും എല്ലാം ഇദ്ദേഹം തന്നെ. മലയാളം അറിയാത്ത പുതുതലമുറയിലെ കുട്ടികൾക്കായി സന്ധ്യാനാമങ്ങൾ ഇംഗ്ലീഷിലേക്ക് ട്രാൻസ്ക്രിപ്റ്റ് ചെയ്തിട്ടുണ്ട്.

അമേരിക്കയിൽ ഏതെങ്കിലും ഒരു മലയാളി ഹിന്ദു മരിച്ചാൽ ഒരുകാലത്ത് മരണാനന്തര കർമ്മങ്ങൾ കൃത്യമായി ചെയ്യാൻ അറിയാവുന്ന ആരും തന്നെ ഉണ്ടായിരുന്നില്ല. ഈ കുറവ് നികത്തിയത് പാർത്ഥസാരഥിയാണ്. മരണാനന്തര പൂജകൾ ചെയ്യുവാനായി ഇപ്പോൾ ഏവരും ആദ്യം വിളിക്കുന്നത് പാർത്ഥസാരഥിയെയാണ്. അതുപോലെ തന്നെ വിവാഹകർമ്മങ്ങൾക്കും നടുനായകത്വം വഹിക്കുന്നതും ഇദ്ദേഹം തന്നെ. അതിനാൽ ന്യുയോർക്ക് സ്റ്റേറ്റിന്റെ 'മാര്യേജ് ഒഫിഷ്യന്റ്' എന്ന സ്ഥാനം പാർത്ഥസാരഥിക്ക് ലഭിച്ചിട്ടുണ്ട്.

ന്യൂയോർക്കിലെ വെസ്റ്റ് ചെസ്റ്റർ മാമക്കിൽ അപൂർവതകളും ഒട്ടേറെ പ്രത്യേകതകളുമുള്ള അയ്യപ്പക്ഷേത്രത്തിൽ ഈ മാസം 29-ാം തീയതി ഒരു പ്രതിഷ്ഠാമഹാമഹം നടക്കുന്ന പശ്ചാത്തലത്തിൽ പാർത്ഥസാരഥി പിള്ള ഇ-മലയാളിയുമായി സംസാരിച്ചു. സംഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങൾ...

അയ്യപ്പസ്വാമിയുമായുള്ള ആത്മബന്ധത്തെക്കുറിച്ച്...

തിരുവിതാംകൂർ ദേവസ്വംബോർഡ് നിലവിൽ വരുന്നതിനു മുമ്പ് റാന്നി കർത്താക്കന്മാരായിരുന്നു ശബരിമല ക്ഷേത്രഭരണം നിർവഹിച്ചിരുന്നത്. എന്റെ അച്ഛന്റെ അപ്പൂപ്പനും മറ്റും റാന്നി കർത്താക്കന്മാരായിരുന്നു. പിന്നീടാണ് നായരും പിള്ളയുമൊക്കെയായി മാറിയത്. പാരമ്പര്യമായി ഞങ്ങളുടെ കുടുംബത്തിന് ശബരിമല ക്ഷേത്രവുമായി ബന്ധമുണ്ട്. എന്റെ ചെറുപ്പം മുതൽ കുടുംബത്തിലുള്ളവർ മുടങ്ങാതെ ശബരിമലയ്ക്ക് പോകുന്നത് കണ്ടാണ് ഞാൻ വളർന്നത്. എന്റെ അമ്മ തികഞ്ഞ ഒരു അയ്യപ്പഭക്ത ആയിരുന്നു.

അയ്യപ്പനുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങളും പുരാണങ്ങളുമെല്ലാം അമ്മ എനിക്ക് പറഞ്ഞുതരുമായിരുന്നു. അങ്ങനെ ധർമ്മശാസ്താവുമായി എനിക്ക് വലിയ ആത്മബന്ധമുണ്ടായി. ഒരുപാട് അനുഭവങ്ങളും അത്ഭുതങ്ങളുമെല്ലാം സംഭവിച്ചിട്ടുമുണ്ട്.

ഒരു പ്രധാനപ്പെട്ട ഒരനുഭവം വിശദീകരിക്കാമോ...

എനിക്ക് ഒൻപത് വയസ്സുള്ളപ്പോഴാണ് ആ സംഭവമുണ്ടായത്. റാന്നി വലിയപള്ളിയുടെ സമീപത്തുകൂടിയാണ് പമ്പയാർ പടിഞ്ഞാറോട്ട് ഒഴുകി പോകുന്നത്. ഒരു ദിവസം ഞാനും എന്റെ കൂട്ടുകാരനും ആറിന്റെ സൈഡിൽ കൂടി നടന്നുവരികയായിരുന്നു. പെട്ടെന്ന് കൂട്ടുകാരൻ ആറ്റിലേക്ക് എടുത്തു ചാടി. അവന് നീന്തൽ അറിയാമായിരുന്നു. എന്നെ ആറ്റിൽ കുളിക്കാനൊന്നും വീട്ടുകാർ സമ്മതിക്കില്ലായിരുന്നു. മാത്രമല്ല, എനിക്ക് നീന്തലും അറിയില്ലായിരുന്നു. എന്തായാലും കൂട്ടുകാരൻ ചാടിയതിനു പിന്നാലെ ഞാനും ചാടി. ഒരു വലിയ കയത്തിലേക്കാണ് ഞാൻ വീണത്. പതിയെ മുങ്ങിത്താഴുകയാണ്.



ഒരോ കവിൾ വെള്ളം കുടിക്കുമ്പോഴും അയ്യപ്പനെ ഉറക്കെ വിളിച്ച് കരയുവാൻ തുടങ്ങി. പെട്ടെന്ന് ആരോ എന്റെ കൈയിൽ പിടിക്കുന്നതായി തോന്നി. അത് മറ്റാരുമായിരുന്നില്ല, തൊട്ടടുത്ത് താമസിക്കുന്ന കുഞ്ഞപ്പൻ മാപ്പിളയായിരുന്നു. അദ്ദേഹം അങ്ങനെ എന്റെ ജീവൻ രക്ഷിച്ചു.

അപ്പോൾ ഇത് ഒരു രണ്ടാം ജന്മം തന്നെയാണ ല്ലോ...

തീർച്ചയായും. കുഞ്ഞപ്പൻ മാപ്പിളയെ പിന്നീട് ഞാൻ ജീവിക്കുന്ന അയ്യപ്പനായിട്ടാണ് കണ്ടത്. അയ്യപ്പന്റെ അനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ് എന്നെ മരണത്തിന് വിട്ടുകൊടുക്കാതെ കുഞ്ഞപ്പൻ മാപ്പിള കരകയറ്റിയത്. അദ്ദേഹത്തിനു വേണ്ടി ഒരു ക്രിസ്തീയ ഭക്തിഗാന കാസറ്റ് ഞാൻ വലിയ പള്ളിയിൽ സമർപ്പിക്കുകയുണ്ടായി. ഞാൻ തന്നെ പാട്ടുകൾ എഴുതി , സ്വയം സംഗീതം നൽകി പലരെക്കൊണ്ട് പാടിക്കുകയായിരുന്നു.

ഇതുപോലെ കുടുംബത്തിൽ മറ്റെന്തെങ്കിലും അത്ഭുതങ്ങൾ സംഭവിച്ചിട്ടുണ്ടോ...

പണ്ട് ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു സംഭവം വീട്ടിൽ ഉണ്ടായി. പെരിയ സ്വാമിയായ അച്ഛനൊപ്പം ഞാനും ഉൾപ്പെടുന്ന ഒരു വലിയ സംഘം എല്ലാ കൊല്ലവും ശബരിമലയ്ക്ക് പോകുമായിരുന്നു. ഒരു തവണ കെട്ടുമുറുക്കിന്റെ സമയത്ത് എന്റെ അച്ഛന്റെ അമ്മ, ഒരു കണ്ണിന്റെ രൂപം വാങ്ങി നടയ്ക്ക് വയ്ക്കണമെന്ന് എന്നോട് പറഞ്ഞു. അമ്മൂമ്മയ്ക്ക് കാഴ്ചശക്തി ഒട്ടുമില്ലായിരുന്നു. അങ്ങനെ ഞങ്ങൾ ശബരിമലയിൽ എത്തിയപ്പോൾ കണ്ണിന്റെ ഒരു വെള്ളിരൂപം നടയ്ക്കു വയ്ക്കണമെന്ന അമ്മൂമ്മയുടെ ആവശ്യം ഞാൻ അച്ഛനോടു പറഞ്ഞു. നമ്മൾ എത്രയോ വർഷമായി ഇങ്ങനെ കണ്ണ് നടയ്ക്കു വയ്ക്കുവാൻ തുടങ്ങിയിട്ട്. എന്നിട്ട് ഒരു പ്രയോജനവുമുണ്ടായില്ലല്ലോ. ഇനി അതിന്റെ ആവശ്യമില്ല എന്ന് അച്ഛൻ പറയുകയും മറ്റ് വഴിപാടുകൾ നടത്തി തിരിച്ചു പോരുകയും ചെയ്തു.

പിന്നീട് എന്ത് സംഭവിച്ചു...

കണ്ണ് തീരെ കാണാത്ത അമ്മൂമ്മ വീടിന്റെ നടുക്കുള്ള ഒരു മുറിയിലാണ് കിടക്കുന്നത്. പക്ഷേ, വീടിന്റെ മുക്കും മൂലയുമെല്ലാം അമ്മൂമ്മയ്ക്ക് വലിയ നിശ്ചയമായിരുന്നു. മലയിറങ്ങി ഞങ്ങൾ വീട്ടിലെത്തിയപ്പോൾ അമ്മ പതിവുപോലെ ഉമ്മറത്ത് നിലവിളക്ക് കൊളുത്തിവച്ച് ഞങ്ങളെയെല്ലാം സ്വീകരിച്ചു. ഞങ്ങളുടെ ഉച്ചത്തിലുള്ള ശരണംവിളി കേട്ട് അമ്മൂമ്മ വടിയും കുത്തിപ്പിടിച്ച് ഉമ്മറത്തേക്ക് വന്നു. തെളിച്ചുവച്ച നിലവിളക്കിനെ നോക്കി, എനിക്കീ നിലവിളക്ക് കാണാൻ പറ്റുന്നുണ്ടല്ലോ എന്ന് വല്ലാത്ത ഒരു ഭാവത്തോടെ പറഞ്ഞു. നിലവിളക്ക് മാത്രമല്ല, നിങ്ങളെ എല്ലാവരെയും എനിക്ക് കാണാം. എനിക്കിപ്പോൾ കണ്ണ് കാണാം. അമ്മൂമ്മ ഇങ്ങനെ പറഞ്ഞപ്പോൾ ആകപ്പാടെ കരച്ചിലും ബഹളവുമൊക്കെയായി. ഞങ്ങളാകട്ടെ നിർത്താതെ ശരണം വിളിക്കുകയായിരുന്നു. അപ്പോൾ തന്നെ അച്ഛൻ ശബരിമലയിലേക്ക് തിരിച്ചുപോകാൻ തിരക്കു കൂട്ടി. നാട്ടുകാർക്കെല്ലാം അവിശ്വസനീയമായ ഒരു വലിയ സംഭവം ആയിരുന്നു അത്. താമസിയാതെ തന്നെ അയ്യപ്പസന്നിധിയിലെത്തി ക്ഷമാപണം നടത്തുകയും പ്രതിക്രിയകൾ ഒക്കെ യഥോചിതം നടത്തുകയും ചെയ്തു. മരിക്കുന്ന സമയം വരെ അമ്മൂമ്മയ്ക്ക് നല്ല കാഴ്ചശക്തിയുണ്ടായിരുന്നു.

എത്രതവണ ശബരിമലയിൽ പോയിട്ടുണ്ട്... എങ്ങനെയാണ് ഗുരുസ്വാമിയായത്...

ഞാൻ 55 തവണ അയ്യപ്പ ദർശനം നടത്തിയിട്ടു

emalayalee.com

ണ്ട്. 18 വർഷം തുടർച്ചയായി മല ചവിട്ടിയാൽ ഒരാൾ ഗുരുസ്വാമിയാകും എന്നാണ് നമ്മുടെ സങ്കല്പം. ഒരാളെ ഗുരുസ്വാമിയാക്കുന്നത് അദ്ദേഹത്തിന്റെ ശിഷ്യരാണ്. എന്റെ അച്ഛൻ ഗുരുസ്വാമിയായിരുന്നു എന്ന് പറഞ്ഞുവല്ലോ. 30-40 പേർ അടങ്ങുന്ന അദ്ദേഹത്തിന്റെ സംഘത്തോടൊപ്പം ഞാൻ ശബരിമലയ്ക്ക് പോയിട്ടുണ്ട്. അങ്ങനെ പിൽക്കാലത്ത് ഞാൻ തന്നെ ഗുരുസ്വാമിയായി എന്റെ ശിഷ്യരോടൊപ്പം ഇന്നും അയ്യപ്പദർശനം നടത്തിക്കൊണ്ടിരിക്കുന്നു. ഇതൊക്കെ ഭഗവാന്റെയും ഗുരുക്കന്മാരുടെയും മാതാപിതാക്കളുടെയുമൊക്കെ അനുഗ്രഹമാണ്.

ആദ്യ ശബരിമലയാത്രയുടെ അനുഭവം...

1958ൽ എനിക്ക് ഏഴ് വയസ്സുള്ളപ്പോഴായിരുന്നു ആ യാത്ര. അന്ന് ബസ്സുകളൊക്കെ അപൂർവമായേ ഉള്ളു. അതിനാൽ എരുമേലിയിൽ ചെന്നിട്ട് പിന്നെ നടക്കണം. എരുമേലിയിൽ നിന്ന് കാളകെട്ടിയിലേക്കുള്ള വഴിയിൽ കോയിക്കൽക്കാവ് എന്ന സ്ഥലത്ത് ഒരു ഫോറസ്റ്റ് റേഞ്ച് ഓഫീസുണ്ട്. അവിടെ ഞങ്ങൾ രാത്രി വിരി വച്ച് കിടക്കുകയായിരുന്നു. പെട്ടെന്നാണ് കാട്ടാനക്കൂട്ടം എത്തിയത്. എന്ത് ചെയ്യണമെന്നറിയാതെ ഞങ്ങളെല്ലാം ഭയന്നു വിറച്ചുപോയി. ഓടിയാൽ ആനകൾ പിന്നാലെ വന്ന് ഞങ്ങളെ ഇല്ലാതാക്കിക്കളയും. ഏതായാലും തൊട്ടടുത്തുള്ള ചായക്കടക്കാരൻ ചൂട്ടുകറ്റകൾ കത്തിച്ച് അവയെ എറിഞ്ഞോടിച്ചതിനാൽ തലനാരിഴയ്ക്ക് ജീവൻ തിരിച്ചുകിട്ടി. അതും ഭഗവാന്റെ അനുഗ്രഹമായി ഞാൻ കരുതുന്നു.

അമേരിക്കയിലെത്തിയ ശേഷമുള്ള അയ്യപ്പഭക്തി മാർഗങ്ങൾ എന്തെല്ലാമായിരുന്നു

ഏതാണ്ട് 40 വർഷം മുമ്പ് ഞാൻ ന്യൂയോർക്കിൽ എത്തുമ്പോൾ ഇവിടെയുള്ള മലയാളികൾക്ക് ഭജന എന്താണെന്ന് അറിയില്ലായിരുന്നു. അങ്ങനെ ഫ്ളെഷിങ്ങിലെ അമ്പലത്തിൽ ഭജനയ്ക്ക് രൂപം കൊടുത്തു. തുടർന്ന് അയ്യപ്പപൂജകൾ തുടങ്ങി.

ന്യൂയോർക്കിലെ അയ്യപ്പക്ഷേത്രത്തിന്റെ ചരിത്രം...

ഇതിനിടെ ഭക്തജനങ്ങൾ എല്ലാം സ്വന്തമായി ഒരു ഭജനാലയം എങ്കിലും വേണമെന്ന ആവശ്യം ഉന്നയിച്ചു. എന്നാലത് യാഥാർത്ഥ്യമാക്കുവാൻ ഒട്ടേറെ കടമ്പകൾ കടക്കണമായിരുന്നു. പക്ഷേ, ഒരു സുപ്രഭാതത്തിൽ വേൾഡ് അയ്യപ്പ സേവാ ട്രസ്റ്റ് എന്ന ഒരു സംഘടന രൂപീകരിച്ചു. ഈ ട്രസ്റ്റിന്റെ കീഴിൽ ഒരു അയ്യപ്പ ക്ഷേത്രം യാഥാർത്ഥ്യമാക്കുന്നതിനുള്ള നീക്കങ്ങൾ ആരംഭിക്കുകയും പറ്റിയ ഒരു കെട്ടിടം വാടകയ്ക്ക് എടുക്കുകയും ചെയ്തു.

ശബരിമല തന്ത്രിയും എന്റെ സുഹൃത്തുമായ കണ്ഠരര് രാജീവരരുടെ നിർദ്ദേശ പ്രകാരം മാന്നാറിൽ നിന്ന് ഒരു അയ്യപ്പ വിഗ്രഹവും, ഗണപതി വിഗ്രഹവും, ഹനുമാൻ വിഗ്രഹവും വാർത്തെടുത്ത് കണ്ഠരര് രാജീവരരുടെ വീട്ടിലും മറ്റ് വിവിധ ക്ഷേത്രങ്ങളിലും കൊണ്ടുപോയി, ലക്ഷ്യപ്രാപ്തിക്കായി ഏവരുടെയും അനുഗ്രഹം വാങ്ങുകയും 2013ൽ നമ്മൾ വാടകയ്ക്കെടുത്ത സ്ഥലത്ത് പ്രതിഷ്ഠിക്കുകയും ചെയ്തു.

പ്രശസ്തമായ സൂര്യകാലടി മനയിലെ സൂര്യൻ ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിലാണ് അനേകം ഭക്തരെ സാക്ഷിയാക്കി പ്രതിഷ്ഠാ കർമ്മം നിർവഹിക്കപ്പെട്ടത്.

ഇങ്ങനെയൊരു ക്ഷേത്രം യാഥാർത്ഥ്യമാക്കണമെന്നത് സംബന്ധിച്ച ആദ്യത്തെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തത് ഹിന്ദു ഐക്യവേദിയുടെ സമുന്നത നേതാവും ശബരിമല അയ്യപ്പ സേവാ സംഘത്തിന്റെ തലവനുമായ കുമ്മനം രാജശേഖരനാണ്. സ്വാമി ഉദിത് ചൈതന്യ, ശബരിമല തന്ത്രി കണ്ഠരര് രാജീവരര് തുടങ്ങിയവരുടെ അനുഗ്രഹാശ്ശിസ്സുകളോടെയാണ് ക്ഷേത്രനിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ തുടങ്ങിയത്.

സ്വന്തമായി ഒരു അയ്യക്ഷേത്രമെന്ന സ്വപ്നം യാഥാർത്ഥ്യമായതിനെപ്പറ്റി...

വാടകക്കെട്ടിടത്തിലെ പ്രതിഷ്ഠ കഴിഞ്ഞ് മൂന്ന് വർഷത്തിനു ശേഷം വെസ്റ്റ്ചെസ്റ്ററിലുള്ള മാമക്കിൽ ഭക്തരുടെ ചിരകാലാഭിലാഷം സാക്ഷാത്ക്കരിക്കപ്പെട്ടു. വേൾഡ് അയ്യപ്പ സേവാ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ വമ്പിച്ച ആഘോഷ പരിപാടികളോടെയാണ് പുനഃപ്രതിഷ്ഠ നടന്നത്. തിരുപ്പതി ദേവസ്ഥാനത്തെ ശ്രീനിവാസ ഭട്ടർ എന്ന പ്രഗത്ഭ പൂജാരിയുടെ നേതൃത്വത്തിലായിരുന്നു മന്ത്രോച്ചാരണത്തിൽ മുഖരിതമായ അന്തരീക്ഷത്തിൽ പുനഃപ്രതിഷ്ഠ നടന്നത്. അമേരിക്കയിൽ അയ്യപ്പവിഗ്രഹമുള്ള ഒരുപാട് ക്ഷേത്രങ്ങൾ ഉണ്ടെങ്കിലും അയ്യപ്പസ്വാമിയുടെ നാമധേയത്തിലുള്ള അമേരിക്കയിലെ ആദ്യത്തെ അമ്പലമാണിത്. പ്രധാന മൂർത്തിയായ അയ്യപ്പന്റെ ഇടത്തും വലത്തുമായി ഹനുമാനെയും ഗണപതിയെയും പ്രതിഷ്ഠിച്ചു. ഈ രണ്ട് മൂർത്തികളും ആയുധധാരികളാണെന്ന പ്രത്യേകതയുമുണ്ട്. അയ്യപ്പനെ സംരക്ഷിക്കുന്നവർ എന്ന സങ്കല്പത്തിലാണ് ആയുധ ധാരികളായ ഹനുമാനെയും ഗണപതിയെയും പ്രതിഷ്ഠിച്ചത്. പിന്നീട് തിരുപ്പതി വെങ്കിലാചലപതി, പരമശിവൻ, സുബ്രഹ്മണ്യൻ, ശ്രീകൃഷ്ണൻ, ശ്രീരാമൻ എന്നീ ദേവന്മരെയും പ്രതിഷ്ഠിച്ചു. പിന്നാലെ സായി സ്വാമിയുടെയും നവ ഗ്രഹങ്ങളുടെയും പ്രതിഷ്ഠ നടന്നു.

ജൂലൈ 29ന് നടക്കുന്ന പ്രതിഷ്ഠയെപറ്റി...

വലിയ ആഘോഷത്തോടുകൂടിയാണ് അന്നത്തെ ചടങ്ങുകൾ. സത്യനാരായണ മൂർത്തി, ധന്വന്തരി മൂർത്തി, സരസ്വതി മാതാ, ദുർഗ്ഗ മാതാ എന്നിങ്ങനെ നാല് പ്രതിഷ്ഠകൾ നടക്കാൻ പോവുകയാണ്. മലയാളികൾക്ക് പുറമെ, തമിഴ്, തെലുങ്ക്, കന്നഡ തുടങ്ങിയ സ്റ്റേറ്റുകളിൽ നിന്നുള്ള അയ്യഭക്തരും നോർത്തിൻഡ്യക്കാരും ഒക്കെ ഭക്തിനിർഭരമായ ഈ പ്രതിഷ്ഠാ കർമ്മങ്ങളിൽ പങ്കെടുക്കും.

വേൾഡ് അയ്യപ്പ സേവാ ട്രസ്റ്റിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്...

വാസ്റ്റ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഈ സംഘടനയുടെ പ്രവർത്തനം കാര്യക്ഷമമായും സുഗമമായും നടന്നുവരുന്നു. അയ്യപ്പ ധർമ്മവും സംസ്കാരവും ലോകരാജ്യങ്ങളിൽ പ്രചരിപ്പിക്കുകയാണ് വാസ്റ്റിന്റെ ലക്ഷ്യം. ഹൈന്ദവ ആചാരാനുഷ്ഠാനങ്ങൾ പുതു തലമുറയിലേക്ക് പകർന്നു കൊടുക്കുക, ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുക എന്നിവയ്ക്ക് ട്രസ്റ്റ് മുൻതൂക്കം നൽകുന്നു.

അയ്യപ്പക്ഷേത്രത്തിന്റെ ആഭിമുഖ്യത്തിലുള്ള മറ്റ് സേവനങ്ങൾ...

മരണാനന്തര കർമങ്ങൾ നമ്മൾ ചെയ്യുന്നുണ്ട്. അതുപോലെ രാമായണ മാസാചരണവും രാമായണ പാരായണവും ഭാഗവത പാരായണവും അമേരിക്കയിൽ ആദ്യമായി ആരംഭിച്ചത് നമ്മൾ ആണ്. സമൂഹവുമായി വളരെയധികം ഇഴചേർന്നു നിൽക്കുന്ന ക്ഷേത്രമാണിത്. ഒട്ടനവധി വിവാഹങ്ങളും ഇവിടെ വച്ച് നടത്തപ്പെട്ടിട്ടുണ്ട്. ഇപ്പോൾ പ്രതിഷ്ഠാ കർമ്മം നടത്തുന്ന 29-ാം തീയതി ഒരു വിവാഹം നടക്കും.

എന്താണ് മാര്യേജ് ഒഫിഷ്യന്റ് സ്ഥാനം...

ന്യൂയോർക്ക് സ്റ്റേറ്റിന്റെ മാര്യേജ് ഒഫിഷ്യന്റ് എന്ന സർട്ടിഫിക്കറ്റ് എനിക്ക് ലഭിച്ചിട്ടുണ്ട്. ഇത് സ്റ്റേറ്റിന്റെ ഒരു ഔദ്യോഗിക സ്ഥാനമാണ്. നിയമപരമായി വിവാഹങ്ങൾ നടത്തുവാനും മാര്യേജ് സർട്ടിഫിക്കറ്റിൽ ഒപ്പിടാനുമുള്ള അതോറിറ്റിയാണ് മാര്യേജ് ഒഫിഷ്യന്റ്.

അയ്യപ്പ ക്ഷേത്രവും ഭക്തരും തമ്മിലുള്ള ബന്ധം...

പടിപൂജാ സമർപ്പണമാണ് ന്യൂയോർക്ക് അയ്യപ്പക്ഷേത്രത്തിന്റെ ഏറ്റവും വലിയ ഒരു പ്രത്യേകത. മണ്ഡല-മകരവിളക്ക് സീസണിൽ എല്ലാ ദിവസവും പടിപൂജ നടക്കും. ഭക്തരുടെ ആഗ്രഹപ്രകാരം എല്ലാ

emalayalee.com

മാസവും പടിപൂജ നടത്തുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

പടിപൂജ വഴിപാടായി നടത്തുന്നവർക്ക് തങ്ങൾ ആഗ്രഹിച്ച കാര്യങ്ങൾ യഥാസമയം സാധ്യമാകുന്നു എന്നതാണ് എടുത്തു പറയേണ്ട കാര്യം. അതേസമയം, എല്ലാ ദിവസവും സുപ്രഭാതം പാടി നട തുറന്ന് ഭഗവാനെ ഉണർത്തി മറ്റ് ദിവസപൂജകൾക്കും അത്താഴ പൂജയ്ക്കും ശേഷം ഹരിവരാസനം പാടി നടയടയ്ക്കുന്ന ലോകത്തിലെ ഏക അയ്യപ്പക്ഷേത്രമാണ് ന്യൂയോർക്കിലേതെന്ന് ഏറെ അഭിമാനത്തോടെ ഞാൻ പറയുന്നു. ശബരിമലയിൽ പോലും പ്രതിമാസ പൂജാവേളകളിലും മണ്ഡല-മകരവിളക്ക് കാലത്തും മാത്രമേ ഈ പ്രക്രിയ നടക്കുന്നുള്ളു. അവശത അനുഭവിക്കുന്നവർക്കും രോഗബാധിതർക്കും ഇവിടെ ആശ്വാസ പ്രാർത്ഥന നടത്തുന്നുണ്ട്. മകര സംക്രമ ദിവസം ക്ഷേത്രത്തിനു പുറത്ത് മകരജ്യോതി തെളിയിക്കും. ശബരിമലയിലേതു പോലെ നെയ്യഭിഷേകം ഉൾപ്പെടെയുള്ള എല്ലാ വഴിപാടുകളും ഉണ്ട്. ബാംഗ്ലൂർ സ്വദേശിയായ നന്ദകുമാർ എന്ന അയ്യപ്പ ഭക്തൻ 18 വർഷത്തേയ്ക്ക് നെയ്യഭിഷേകം സ്പോൺസർ ചെയ്തിട്ടുണ്ട്. ഭക്തർ ഇരുമുടിക്കെട്ടേന്തി ഇവിടെ എത്തുന്നു. വാഷിങ്ടണിലെ അമ്പലത്തിൽ പോകുന്ന ഭക്തർ ഇവിടെ വന്ന് മാലയിട്ടാണ് യാത്ര തിരിക്കുന്നത്. സാധാരണ സമയങ്ങളിൽ ഇരുമുടിക്കെട്ടുമായി വന്ന് ഭഗവാനെ ദർശിച്ച് പ്രാർത്ഥിക്കുന്നവരും നിരവധിയാണ്. അമേരിക്കയിലെ ഹിന്ദു സമൂഹത്തിന്റെ സഹായസഹകരണങ്ങൾ നിരന്തരം ലഭിക്കുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.



* * *

പാർത്ഥസാരഥിയുടെ അച്ഛൻ നാരായണൻ നായർ റാന്നി ഹൈന്ദവ സേവാ സമിതി അയ്യപ്പ സേവാ സംഘത്തിന്റെ സ്ഥാപക നേതാവായിരുന്നു. അമ്മ ചെല്ലമ്മ നായർ കർണാടക സംഗീതത്തിൽ പ്രാവീണ്യം നേടിയിട്ടുണ്ട്.

മാതാപിതാക്കളുടെ ഈ പാരമ്പര്യവും പുല്ലപ്രം ശ്രീരാമകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ രവിപാഠശാലയിൽ നിന്ന് നേടിയ ആധ്യാത്മിക ജ്ഞാനവും പാർത്ഥസാരഥി പിള്ളയുടെ ഭക്തിമാർഗത്തിന് തുണയും തെളിച്ചവുമായി. തങ്കമണിയാണ് ഗുരുസ്വാമിയുടെ പത്നി. ശബരിമല സ്വാമി അയ്യപ്പനിൽ സർവതും സമർപ്പിച്ചിരിക്കുന്ന പാർത്ഥസാരഥി തന്റെ ഏകമകന് ഇട്ട പേര് സ്വാമി അയ്യപ്പൻ എന്നാണ്.

അയ്യപ്പ ഭക്തിയും അടിയുറച്ച വിശ്വാസവും ഹൃദയത്തോടു ചേർത്തു വച്ചുകൊണ്ടാണ് ഈ ഗുരുസ്വാമിയുടെ സുഗമസഞ്ചാരം. അതുകൊണ്ടു തന്നെ ജപമാലയും ജപമന്ത്രവും പാർത്ഥസാരഥിയുടെ ജീവിത യാത്രയിലെന്നും കൂട്ടിനായുണ്ട്.

സ്വാമി ശരണം..!

emalayalee.com